2024 ഒക്ടോബർ

Atal Mission for Rejuvenation and Urban Transformation

# അമൃത്
## വാർത്താ പത്രിക

ലക്കം 8

Azadi Ka Amrit Mahotsav










ആകാശപാതയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര ഭവന നഗരകാര്യ അഡീഷണൽ സെക്രട്ടറി ശ്രീമതി ഡി. താര ഐ.എ.എസ്. അമൃത് മിഷൻ ഡയറക്ടർ ശ്രീ. സൂരജ് ഷാജി ഐ.എ.എസ്., തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഐ.എ.എസ്., സബ് കളക്ടർ അഖിൽ വി. മേനോൻ ഐ.എ.എസ്. എന്നിവർ അമൃത് മിഷൻ ഉദ്യോഗസ്ഥരോടൊപ്പം

# അമൃത് വാർത്താ പത്രിക

ഒക്ടോബർ 2024 | പുസ്തകം 3 | ലക്കം 8



തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
സൂരജ് ഷാജി ഐ.എ.എസ്സ്
മിഷൻ ഡയറക്ടർ

എഡിറ്റർ
മുരളി കൊച്ചുകൃഷ്ണൻ
എൻവിയോൺമെന്റ് എക്പർട്ട് കം
ഹൈഡ്രോ ജിയോളജിസ്റ്റ്

അസിസ്റ്റന്റ് എഡിറ്റർ
സാവിയോ സജി ഇ.ആർ.

Atal Mission for Rejuvenation and Urban Transformation



സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (അമൃത്)
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.org
ഇമെയിൽ : smmukerala@gmail.com



*(സ്വകാര്യ വിതരണത്തിന് മാത്രം)*




## എഡിറ്റോറിയൽ

അമൃത് 1.0 പദ്ധതികളിൽ വളരെ ശ്രദ്ധേയമായ ഒരു പദ്ധതിയാണ് തൃശ്ശൂർ കോർപ്പറേഷനിൽ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ നടപ്പിലാക്കിയ ആകാശ നടപ്പാത. കാൽ നടയാത്രക്കാർ അപകട രഹിതമായി റോഡ് മുറിച്ച് കടക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഈ പദ്ധതി അതിന്റെ പൂർണ്ണ തയിലെത്തിയപ്പോൾ ഒരു നഗരത്തിന്റെ തന്നെ മുഖമുദ്രയായി മാറുന്ന കാഴ്ച അമൃത് മിഷൻ പ്രവർത്തനങ്ങളിലെ ഏറ്റവും മികച്ച ഒരു അനുഭവമായി മാറി. വളരെയേറെ പ്രത്യേകതകളോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. യാത്രക്കാരുടെ സുരക്ഷിതത്വത്തിനും ആയാസ രഹിതമായ യാത്രയ്ക്കും ഉതകുന്ന തരത്തിൽ ലിഫ്റ്റും എയർ കണ്ടീഷനിംഗും ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തി ആഗോള നിലവാരത്തിലാണ് പാതയുടെ നിർമാണം പൂർത്തീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയ്ക്കായി പ്രവർത്തിച്ചവർക്കെല്ലാം അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

അമൃത് 2.0 യുടെ ഭാഗമായി നടപ്പിലാക്കുന്ന അമൃത് മിത്ര പദ്ധതി യുടെ പരിശീലന പരിപാടികൾ സംസ്ഥാനത്തിന്റെ വിവിധ നഗരസഭകളിൽ നടന്നു വരികയാണ്. എല്ലാ നഗരസഭകളും പ്രസ്തുത പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തീ കരിക്കേണ്ടതുണ്ട്. അമൃത് 1.0 യിൽ നിന്ന് വ്യത്യസ്തമായി അമൃത് 2.0 പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച് വിലയിരുത്തിയാണ് ഫണ്ട് അനുവദിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചാൽ മാത്രമെ അനുവദിച്ച കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിക്കുകയുള്ളൂ.

ദ്രവ മാലിന്യ സംസ്കരണം നമ്മുടെ നഗരങ്ങളിൽ ഇനിയും കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. ശാസ്ത്രീയമായ ദ്രവമാലിന്യ സംസ്കരണത്തിന്റെ അഭാവം ഗുരുതരമായ പാരിസ്ഥിതിക, ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതെളിക്കും. ഇത് മുന്നിൽ കണ്ട്കൊണ്ട് അമൃത് 1.0 യിലെ സെപ്റ്റേജ് & സിവേജ് സെക്ടറിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ നിർമാണ നിർവ്വഹണം വേഗത്തിൽ പൂർത്തീ കരിക്കേണ്ടതുണ്ട്. കൊല്ലം കുരീപ്പുഴയിലെ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമാണം 90% ത്തിലധികം പൂർത്തീകരിച്ച്, കമ്മീഷനിംഗിന് തയ്യാറെടുക്കുകയാണ്. മറ്റ് പ്ലാന്റുകളുടെയും നിർമാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കോർപ്പറേഷനുകളും സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

മിഷൻ ഡയറക്ടർ

തൃശ്ശൂരിലെ ആകാശപാതയുടെ ഉദ്ഘാടന വേളയിൽ തൃശ്ശൂർ മേയർ, കേന്ദ്ര ഭവന നഗരകാര്യ അഡീഷണൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി, അമൃത് ഉദ്യോഗസ്ഥർ എന്നിവർ





അമൃത് വാർത്താ പത്രിക

ഒക്ടോബർ 2024

# ഉള്ളടക്കം




5 ആകാശപ്പാത നാടിന് സമർപ്പിച്ചു - റിപ്പോർട്ട്

8 കേരള അർബൻ പോളിസി കമ്മീഷൻ രണ്ടാമത് യോഗം

10 സ്വച്ഛത ഹി സേവ കാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനം

13 Optimizing Sewage Sludge for Sustainable Agriculture in Kerala

16 Ground Water Resources and Management in Kerala State




ഗുരുവായൂർ നഗരസഭ ജലവിതരണ ശൃംഖലയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പ് ലൈൻ സംവിധാനം കേന്ദ്ര ഭവന നഗരകാര്യ അഡീഷണൽ സെക്രട്ടറി ശ്രീമതി ഡി. താര ഐ.എ.എസ്. വിലയിരുത്തുന്നു


തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ
പൂർണ്ണതയിൽ
ആകാശപാതയുടെ
27-09-2024






# ആകാശപാത നാടിന് സമർപ്പിച്ചു

തൃശ്ശൂർ കോർപ്പറേഷൻ അമൃത് പദ്ധതിയിലെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി 11 കോടി രൂപ ചെലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമായ ആകാശപാത ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് നാടിന് സമർപ്പിച്ചു. ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം.കെ. വർഗ്ഗീസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ആകാശപ്പാതയിലെ ലിഫ്റ്റുകളുടെ ഉദ്ഘാടനം ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ രാജൻ നിർവ്വഹിച്ചു. സി.സി. ടി.വി ക്യാമറകളുടെ പ്രവർത്തനോത്ഘാടനം ബഹു. എം.എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ നിർവ്വഹിച്ചു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അഡീഷണൽ സെക്രട്ടറി ശ്രീമതി ഡി. താര ഐ.എ.എസ്., തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഐ.എ.എസ്., അമൃത് മിഷൻ ഡയറക്ടർ ശ്രീ. സൂരജ് ഷാജി ഐ.എ.എസ്. വിവിധ രാഷ്ട്രീയ നേതാക്കൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




കേരളത്തിന്റെ സംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ നഗരത്തിന് തിലകക്കുറിയായി മാറിയ ആകാശപാത രാജ്യത്തെ അമൃത് പദ്ധതികളിൽ തന്നെ ശ്രദ്ധേയമായ ഒരു പദ്ധതിയായി മാറി. റോഡിൽ നിന്ന് 6 മീറ്റർ ഉയരത്തിൽ 280 മീറ്റർ ചുറ്റളവിൽ 3 മീറ്റർ വീതിയിലും 4 മീറ്റർ പൊക്കത്തിലുമാണ് ആകാശപ്പാതയുടെ നിർമാണം. നഗരത്തിലെ രണ്ട് പ്രധാന പാതകൾ മുറിച്ചുകടക്കുന്നതിന് കാൽ നടയാത്രക്കാർക്ക് വളരെയധികം ഉപയോഗപ്രദമാകുന്ന രീതിയിലാണ് ആകാശപാത സജ്ജീകരിച്ചിരിക്കുന്നത്.









ശക്തൻ ബസ്സ്റ്റാന്റ്, എക്സിബിഷൻ ഗ്രൗണ്ട്, മത്സ്യ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് ഇവ തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിലാണ് പാതയുടെ നിർമാണം. തറ നിരപ്പിൽ നിന്നുള്ള ഉയരം, കാലാവസ്ഥയിൽ നിന്നുള്ള പൂർണ്ണമായ സംരക്ഷണം, രാവും പകലും പൂർണ്ണമായ തോതിലുള്ള പ്രകാശ സംവിധാനം, ആകാശപ്പാതയിലേയ്ക്കുള്ള ചവിട്ടുപടികളും, ലിഫ്റ്റും, പൊതുജന സുരക്ഷാർത്ഥം സ്ഥാപിച്ചിരിക്കുന്ന സിസി ടിവി ക്യാമറകൾ, യാത്രക്കാർക്ക് മികച്ച അനുഭവം നൽകുന്ന തരത്തിലുള്ള എയർ കണ്ടീഷനിംഗ് സംവിധാനം, വൈദ്യുതി മുടങ്ങിയാൽ പകരം ജനറേറ്റർ സംവിധാനം, സോളാർ പവർ സംവിധാനം, വെർട്ടിഫൈഡ് ടൈൽ പാകിയ പാത തുടങ്ങിയ സംവിധാനങ്ങളോടെ ലോകോത്തര നിലവാരത്തിലാണ് ആകാശപാത ഒരുക്കിയിരിക്കുന്നത്.

രാജ്യത്തെ ആദ്യ എയർ കണ്ടീഷൻഡ് ആകാശപാതയാണ് തൃശ്ശൂരിലേത്. ഹരിത സങ്കല്പങ്ങൾക്കനുസരണമായാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. യാത്രക്കാർക്ക് നഗര ഭംഗി ആസ്വദിക്കാൻ ഉതകുന്ന രീതിയിലുള്ള നിർമ്മിതിയായതിനാൽ ഒരു സെൽഫി പോയിന്റായി ആകാശപാത മാറി. തൃശ്ശൂർ നഗരത്തിന്റെ ഒരു മുഖമുദ്രയായാണ് ഇപ്പോൾ ഈ ആകാശപാത..





# ആകാശപ്പാതയ്ക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ അഭിനന്ദനങ്ങൾ

തൃശ്ശൂർ കോർപ്പറേഷനിൽ അമൃത് പദ്ധതിയിലെ അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഉൾപ്പെടുത്തി ശക്തൻ തമ്പുരാൻ നഗറിൽ നിർമ്മിച്ച ആകാശപാത ദേശീയ തലത്തിൽ ശ്രദ്ധ നേടി. ഒരു നഗരത്തിന്റെ തന്നെ മുഖശ്രീ ആയി മാറിയ ഈ നിർമ്മിതി നാടിന് സമർപ്പിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ എത്തി. കേന്ദ്ര ഭവന നഗരകാര്യ അഡീഷണൽ സെക്രട്ടറി ശ്രീമതി ഡി. താര ഐ.എ.എസ്., ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി തൻവി ഗാർഗ് ഐ.എ.എസ്., ഡയറക്ടർ ശ്രീമതി ഇഷ കാലിയ ഐ.എ.എസ്. എന്നിവരാണ് മന്ത്രാലയത്തെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുത്തത്. സംസ്ഥാനത്തെ അമൃത് പദ്ധതി നിർവ്വഹണ പുരോഗതിയിൽ സംഘം തൃപ്തി രേഖപ്പെടുത്തി. കൂടാതെ 2022-23 വർഷത്തെ ഹഡ്കോയുടെ നഗര ഗതാഗത വിഭാഗത്തിൽ അവാർഡ് ആകാശപാതയ്ക്ക് ലഭിച്ചു. നഗരത്തിലേയ്ക്കെത്തുന്ന ജനങ്ങൾക്ക് അപകട രഹിതമായ യാത്രാസൗകര്യം ഒരുക്കുന്നതിനാണ് അവാർഡ് ലഭിച്ചത്. ഹഡ്കോയുടെ 53-ാം സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് ഡൽഹിയിൽ വെച്ച് നടന്ന ചടങ്ങിലാണ് അവാർഡ് സമ്മാനിച്ചത്. കോർപ്പറേഷനുവേണ്ടി ബഹു. മേയർ ശ്രീ. എം.കെ. വർഗ്ഗീസ് അവാർഡ് ഏറ്റുവാങ്ങി.







# കേരള അർബൻ പോളിസി കമ്മീഷൻ രണ്ടാമത് യോഗം




നവ കേരള നഗര നയത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള അർബൻ പോളിസി കമ്മീഷന്റെ രണ്ടാമത് യോഗം 2024 സെപ്റ്റംബർ 4 മുതൽ 7 വരെ തിരുവനന്തപുരത്ത് വച്ച് നടന്നു. നഗര നയ രൂപീകരണത്തിന്റെ ഭാഗമായി നടന്ന ആദ്യ യോഗത്തിന്റെ തുടർച്ചയായുള്ള ചർച്ചകളും വിഷയാവതരണങ്ങൾക്കും യോഗം വേദിയായി. നഗരവത്ക്കരണ രംഗത്ത് സംസ്ഥാനം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെയും അവയുടെ പരിഹാരങ്ങളെയും സംബന്ധിച്ച് സമഗ്രമായ ചർച്ചകളും പ്രഭാഷണങ്ങളും യോഗത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. അർബൻ പോളിസി കമ്മീഷൻ മെമ്പർ സെക്രട്ടറിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്. കമ്മീഷനംഗങ്ങളെ യോഗത്തിലേയ്ക്ക് ഔപചാരികമായി സ്വാഗതം ചെയ്തു. സുസ്ഥിര നഗര വികസനത്തിലധിഷ്ഠിതമായി അടിസ്ഥാന ഭൗതീക വികസന സൗകര്യങ്ങൾ ആസൂത്രണം ചെയ്യുവാനായി കമ്മീഷൻ സ്വീകരിച്ച നടപടികളും നയരൂപീകരണത്തിന്റെ ഭാഗമായി ആദ്യ യോഗത്തിന്റെ തുടർച്ചയായി നടത്തിയ പ്രവർത്തനങ്ങളും പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ വിശദീകരിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് യോഗത്തിൽ പങ്കെടുത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. പുതിയ നഗര നയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃത സ്വഭാവം ശക്തിപ്പെടുത്തുന്ന രീതിയിലുള്ള നിർദ്ദേശങ്ങളും, തദ്ദേശ സ്ഥാപനങ്ങൾക്ക് വിഭവശേഷി വിനിയോഗിച്ച് സ്വയം വരുമാനം കണ്ടെത്താനും ത്വരിതഗതിയിൽ നഗരവത്ക്കരണം നടക്കുമ്പോൾ കേരളത്തിന്റെ സാമുഹിക സുരക്ഷാ സംവിധാനങ്ങളെ നിലനിർത്തുന്നതിനും മുന്നോട്ടു കൊണ്ടു പോകുന്നതിനുമുള്ള നിർദ്ദേശങ്ങളും നഗര നയത്തിൽ ഉറപ്പ് വരുത്തണമെന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു.












അർബൻ പോളിസി കമ്മീഷൻ ചെയർമാൻ ഡോ. എം. സതീഷ്കുമാർ ആമുഖ പ്രസംഗം നടത്തി. ആദ്യയോഗത്തിന്റെ തുടർ പ്രവർത്തനങ്ങളെ കുറിച്ച് അവലോകനം നടത്തി കൈവരിച്ച നേട്ടങ്ങൾ യോഗത്തിൽ വിവരിച്ചു. നയരൂപീകരണത്തിനാധാരമായി രൂപപ്പെടുത്തിയ ആശയങ്ങളിലധിഷ്ഠിതമായ പഠന പുരോഗതി സംബന്ധിച്ചുള്ള ചർച്ചകളും പ്രസന്റേഷനും യോഗത്തിന്റെ ഭാഗമായി നടന്നു. യോഗത്തിന്റെ ഭാഗമായി ഓൺലൈൻ പ്രസന്റേഷനുകളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു.

ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ യോഗത്തിൽ പങ്കെടുത്തു. നഗര നയ രൂപീകരിണവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും യോഗത്തെ അറിയിച്ചു. കമ്മീഷൻ ചെയർമാൻ ഡോ. എം. സതീഷ് കുമാർ (സീനിയർ അസോസിയേറ്റ് പ്രൊഫസർ, ക്വീൻസ് ഇന്ത്യാ അക്കാഡമി, യുണൈറ്റഡ് കിംഗ്ഡം), അഡ്വ. എം. അനിൽ കുമാർ (മേയർ, കൊച്ചി), ഡോ. ഇ. നാരായണൻ, (കൺസൾട്ടന്റ്, വേൾഡ് ബാങ്ക്.), ഡോ. ഷർമിള മേരി ജോസഫ് ഐ.എ.എസ്. (പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്)., പ്രൊഫ. ഡോ. ജാനകി നായർ, എം. കൃഷ്ണദാസ് (ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ), ശ്രീ. വി. സുരേഷ്, (മുൻ ചീഫ് മാനേജിംഗ് ഡയറക്ടർ, ഹഡ്കോ), പ്രൊഫ. ഡോ. വൈ.വി.എൻ. കൃഷ്ണ മൂർത്തി, പ്രൊഫ. ഡോ. കെ.എസ്. ജയിംസ്, പ്രൊഫ. ഡോ. കെ.ടി. രവീന്ദ്രൻ, പ്രൊഫ. ഡോ. അശോക് കുമാർ, ശ്രീ. ഹിതേഷ് വൈദ്യ, ശ്രീ. ടിക്കേന്ദർ സിംഗ് പൻവാർ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.







# സ്വച്ഛത ഹി സേവ സംസ്ഥാന തല ഉദ്ഘാടനവും കുരീപ്പുഴയിലെ സൂര്യകാന്തി കൃഷിയുടെ വിത്തുവിതയ്ക്കൽ ഉദ്ഘാടനവും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവ്വഹിച്ചു

കൊല്ലം കോർപ്പറേഷനിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നടന്ന യോഗത്തിൽ സ്വച്ഛത ഹി സേവ അഥവാ ശുചിത്വം തന്നെയാണ് സേവനം എന്ന കാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനവും കുരീപ്പുഴയിലെ സൂര്യകാന്തി കൃഷിയുടെ വിത്തുവിതയ്ക്കൽ ഉദ്ഘാടനവും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവ്വഹിച്ചു. ബഹു. കൊല്ലം കോർപ്പറേഷൻ മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ് അദ്ധ്യക്ഷത വഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, അർബൻ അഫയേഴ്സ് ഡയറക്ടർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, അമൃത്, ശുചിത്വമിഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവയിലെ ഉദ്യോഗസ്ഥർ തുടങ്ങിവർ പങ്കെടുത്തു.

കൊല്ലം കോർപ്പറേഷനിൽ നടന്നുവരുന്ന വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ യോഗം അവലോകനം ചെയ്തു. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടത്തേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും കോർപ്പറേഷൻ അതിനായി സ്വീകരിച്ച നടപടികളെയും യോഗം വിലയിരുത്തി. വിവിധ മിഷനുകൾ വഴി കോർപ്പറേഷനിൽ നടന്നുവരുന്ന വിവിധ മാലിന്യ സംസ്കരണ പദ്ധതികളുടെ പുരോഗതി യോഗം അവലോകനം ചെയ്തു. അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി കുരീപ്പുഴയിൽ നിർമാണം പൂർത്തിയായി വരുന്ന ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനെ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. നിർമാണ പുരോഗതി യോഗം വിലയിരുത്തി.



അഷ്ടമുടി കായൽ മാലിന്യ മുക്തമാക്കാനായി കോർപ്പറേഷൻ ആവിഷ്ക്കരിച്ച 'ജീവനാണ് അഷ്ടമുടി, ജീവിക്കണം അഷ്ടമുടി' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. കുരീപ്പുഴയിൽ ബയോ മൈനിംഗ് നടത്തിയ സ്ഥലത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സൂര്യകാന്തി കൃഷിയെ കുറിച്ച് മേയർ യോഗത്തിൽ വിശദീകരിച്ചു. പദ്ധതിയുടെ വിത്തിടൽ ചടങ്ങ് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിനുശേഷം ഉദ്ഘാടനം നടത്തി.

ജൈവ മാലിന്യ സംസ്കരണ മേഖലയിലെ പോരായ്മകൾ പരിഹരിച്ച് മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബഹു. മന്ത്രി നിർദ്ദേശിച്ചു. 2024-25 ൽ മാലിന്യ സംസ്കരണത്തിനായി 31 കോടി രൂപയുടെ പദ്ധതികളാണ് കോർപ്പറേഷനിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ 8.15 കോടി രൂപ വീടുകളിൽ ബയോ ബിൻ സ്ഥാപിക്കുന്നതിനാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തണമെന്നും കമ്മ്യൂണിറ്റി തല ബയോ ബിന്നുകളുടെ സാധ്യതകൾ തേടണമെന്നും ബഹു. മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി അനുപമ ഐ.എ.എസ്. യോഗത്തിൽ സ്വാഗതം ആശംസിച്ചു. നഗരസഭാ സെക്രട്ടറി ശ്രീമതി ആർ. എസ്. അനു ശുചിത്വ പ്രതിജ്ഞ ചൊല്ലി.

കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നു. 31.92 കോടി രൂപയാണ് നിർമാണ ചെലവ്. അമൃത് പദ്ധതിയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയാണ് പ്ലാന്റ് നിർമിക്കുന്നത്. കൊല്ലം കോർപ്പറേഷനിലെ അഷ്ടമുടിക്കായലിന് ചുറ്റുമുള്ള 10 കോർപ്പറേഷൻ വാർഡുകളിലെ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ടാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. സെപ്റ്റേജ് മാലിന്യങ്ങളും സംസ്കരിക്കാൻ സാധിക്കുന്ന രീതിയിലാണ് പ്ലാന്റ് വിഭാവനം ചെയ്തിരിക്കുന്നത്. പ്ലാന്റ് യാഥാർത്ഥ്യമാകുന്നതോടുകൂടി അഷ്ടമുടിക്കായലിൽ അശാസ്ത്രീയമായി മാലിന്യം നിക്ഷേപിക്കുന്നത് തടയാനാകും. പദ്ധതി പ്രദേശങ്ങളിലെ ദ്രവ മാലിന്യങ്ങൾ സംസ്കരിച്ച്, റീ സൈക്കിൾ ചെയ്ത ജലം ഉദ്യാന പരിപാലനത്തിന് ഉപയോഗിക്കാൻ സാധിക്കും. 2.83 ഏക്കർ സ്ഥലമാണ് പ്ലാന്റ് നിർമാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. 68000 പേർക്ക് പ്ലാന്റിന്റെ പ്രയോജനം ലഭിക്കും. നിർമാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചുകഴിഞ്ഞു. എം.ബി.ബി.ആർ. സാങ്കേതിക വിദ്യയാണ് പ്ലാന്റിൽ ഉപയോഗിക്കുന്നത്. ഹൈഡ്രോടെക് പര്യാവരണും എ.ബി.എം. സിവിൽ വെൻച്വർ പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് പ്ലാന്റ് നിർമാണം നടത്തുന്നത്.








കൊല്ലം കോർപ്പറേഷൻ അവലോകന യോഗത്തിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീമതി അനുപമ ഐ.എ.എസ്.



കൊല്ലം കോർപ്പറേഷൻ അവലോകന യോഗത്തിൽ പങ്കെടുക്കുന്ന അമൃത് മിഷൻ ഡയറക്ടർ ശ്രീ. സൂരജ് ഷാജി ഐ.എ.എസ്.



അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കുരീപ്പുഴയിൽ നിർമാണം പുരോഗമിക്കുന്ന ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്



# Optimizing Sewage Sludge for Sustainable Agriculture in Kerala



**M.K. Vijayakumar**
Urban Infrastructure cum Water Expert
SMMU, AMRUT

**Introduction to Sewage Sludge**

Sewage sludge is a semi-solid by-product produced during the treatment of municipal wastewater in wastewater treatment plants (WWTPs). It consists of organic and inorganic materials, pathogens, nutrients, heavy metals, and other contaminants. There are two primary types of sewage sludge:

•**Primary sludge**: Formed during sedimentation processes.

•**Secondary sludge**: Generated from biological treatment processes.

The amount of sewage sludge generated depends on the quality of incoming wastewater and the treatment processes used. On average, 100-150 kg of dry sludge is produced per million liters (ML) of wastewater treated in Indian WWTPs. In Kerala, a state with high urbanization and population density, increasing volumes of sewage sludge present a growing challenge. Due to Kerala's tropical climate and heavy rainfall, the moisture content in sewage sludge is typically high, ranging from 90-99%, complicating its drying and disposal.



**Agricultural Application of Sewage Sludge: FCO Guidelines**

In India, the use of treated sewage sludge (biosolids) in agriculture is regulated under the Fertilizer (Control) Order (FCO), 2009. Biosolids can be applied as biofertilizers or soil conditioners if they meet safety standards regarding pathogen levels, heavy metals, and nutrient content. This allows for nutrient recycling and enhances soil health.

Biosolids contain nitrogen (N), phosphorus (P), and other nutrients essential for plant growth and soil fertility. In Kerala's diverse agricultural landscape, from paddy fields to plantations, there is increasing interest in utilizing biosolids. However, sewage sludge presents certain limitations that affect its effectiveness as a standalone biofertilizer.

**Challenges of Using Sewage Sludge in Agriculture**

**1. Low Organic Carbon Content**:

- Sewage sludge has low organic carbon (C) content, which limits its ability to improve soil structure and stimulate microbial activity.
- A low Carbon-Nitrogen (C/N) ratio makes it prone to rapid nitrogen release, potentially causing nutrient imbalances and reduced long-term fertility.

**2. Low Potassium Content**:

- Potassium (K), essential for plant growth, is present in low quantities, making sewage sludge less effective in providing balanced nutrient supply.

**3. High Moisture Content**:

- High moisture makes sludge difficult to handle, transport, and apply to fields, especially in Kerala's humid climate. It also increases the risk of nutrient and contaminant leaching into soil and water.

**4. Pathogen and Heavy Metal Content**:

- While pathogen levels and heavy metal concentrations in biosolids are generally within acceptable limits, regular testing and monitoring are necessary to ensure safety.

**Supplementing Sewage Sludge with Municipal Compost: The Ideal Blend**

Municipal compost, derived from organic waste such as food scraps, yard waste, and biodegradable materials, complements sewage sludge's limitations, making it an ideal supplement.





- **Higher Organic Carbon Content**: Municipal compost is rich in organic carbon, improving soil structure, water retention, and microbial activity. It addresses sewage sludge's low organic carbon content, improving long-term soil health.
- **Higher Carbon-Nitrogen Ratio**: Municipal compost typically has a higher C/N ratio, ensuring a controlled, slower release of nitrogen. When co-composted with sewage sludge, the blend offers both immediate and sustained nutrient availability for crops.
- **Higher Potassium Content**: Unlike sewage sludge, municipal compost is richer in potassium, essential for root development and disease resistance. Co-composting helps balance nutrient content.
- **Lower Moisture Content**: The lower moisture content of municipal compost makes it easier to handle and transport. Mixing it with sewage sludge reduces the overall moisture, improving its suitability for application in Kerala's humid conditions.



### Pros and Cons of Using Sewage Sludge in Agriculture

**Pros**:

- **Nutrient Recycling**: Treated sewage sludge contains nitrogen and phosphorus, reducing the need for synthetic fertilizers, particularly beneficial for Kerala's agrarian economy.
- **Soil Improvement**: Co-composting with municipal compost improves organic matter content, enhances soil structure, and improves water retention, addressing the low organic carbon content in sewage sludge.
- **Waste Reduction**: Using biosolids and compost in agriculture helps reduce waste sent to landfills and mitigates the environmental impacts of sludge disposal.

**Circular Economy**: Integrating urban waste management with agriculture supports sustainability by reducing reliance on chemical fertilizers.

**Cons**:

- **Pathogen and Contaminant Risks**: Inadequately treated sewage sludge may carry pathogens, heavy metals, and chemical contaminants, posing risks to soil and water systems in Kerala's agricultural landscape.
- **Nutrient Imbalance**: The low potassium content and low C/N ratio in sewage sludge make it an incomplete fertilizer. However, co-composting with municipal compost can mitigate this issue.
- **Moisture Management**: The high moisture content in sewage sludge makes it challenging to handle and apply in Kerala's wet climate, where excessive moisture can lead to nutrient leaching.
- **Public Perception**: Despite its benefits, public resistance persists due to concerns over contaminants and pathogens. Educating farmers and the public about the safety of co-composted biosolids is essential.





### Way Forward

1. **Research and Development**: Invest in optimizing co-composting techniques, including ideal mix ratios and the impact of sewage sludge compost on soil and crops.
2. **Pilot Projects**: Launch demonstration projects with local farmers to highlight the benefits of co-composted sewage sludge, monitoring issues related to contaminants and odor.
3. **Capacity Building**: Train farmers and agricultural extension workers on the safe and effective use of sewage sludge compost, including application rates and benefits for soil and crops.
4. **Regulatory Framework**: Strengthen regulations governing the production, quality, and application of sewage sludge compost to ensure safety and environmental sustainability.
5. **Public Awareness**: Conduct educational campaigns to promote the benefits of sewage sludge compost, addressing safety concerns and odor issues to encourage wider acceptance.
6. **Incentives and Subsidies**: Provide financial support, such as equipment subsidies, compost price reductions, and tax incentives, to encourage the adoption of sewage sludge compost by farmers.



# GROUNDWATER RESOURCES AND MANAGEMENT IN KERALA STATE

**Introduction:**

The Kerala State is geographically characterized as an elongated landmass that runs parallel to the Lakshadweep Sea in the West while sharing borders with the states of Tamil Nadu to the East and South and Karnataka to the North and North-East. It is located between the longitudes 74$^0$52' and 77$^0$22' in the East and latitudes 08$^0$18' and 12$^0$48' in the North. The state spans 580 km in length and 30.130 km in average width, giving it a total land area of 38,863 km$^2$. Kerala is home to 3% of India's population despite comprising only 1.2% of the country's total area i.e. 3,287,263 km$^2$ (Jain et al., 2007). There are 14 districts, and 152 blocks are within the state (Chathukulam et al., 2012).

Water resources in Kerala are just like two sides of a coin, having both abundance and at times, utter scarcity. South-West monsoon, which begins in June and lasts until September, is responsible for the vast majority (70%) of the state's average annual rainfall of 3000mm (Madhu, 2021; Menon et al., 2020; Surendran et al., 2015). The state also receives precipitation from the North-East monsoon between October and December. Nevertheless, Kerala experiences frequent floods and droughts because of the temporal and spatial rainfall patterns and variations. In Kerala's lowlands, the annual average rainfall varies from 900mm in the South to 3500mm in the North (Premraj and Suseela, 1999). Rainfall in the midland varies from 1400mm in the South to about 6000mm in the North each year (Blessy et al., 2015). Annual rainfall in the highlands ranges from 6000mm along North to 2500mm along South (Chakrapani et al., 2014). The Western Ghats serve as the origin for 44 rivers in Kerala, with 41 flowing in a Westerly direction and the remaining 3 flowing towards the Eastern Direction (Nayar, 2011).



**MURALI KOCHUKRISHNAN**
Environmental Expert cum
Hydrogeologist,
State Mission Management Unit
AMRUT



**Surface Water Resources:**

The 44 rivers that flow through Kerala provide an annual water supply of 70,323,000,000 Mm³. Despite this, only 60% of the yearly yield is believed to be usable (42000Mm³). From an Indian perspective, even the largest of Kerala's rivers is not as significant as India's major rivers. As per national standards, Kerala lacks a major river system and is home to only four prominent rivers: Periyar River (244 km), Bharatapuzha River (209 km), Pamba River (176 km), Chaliyar River (169 km), of medium size. These four rivers don't even come close to matching the volume of the larger Krishna River when all the above-mentioned Kerala rivers are combined together. The other forty rivers are so insignificant that their total discharge is approximately one-third of the discharge of the Godavari River. Unlike the North Indian rivers, which receive snowfall in the winter and melt during the summer, the rivers in the south of India do not receive a summertime water supply from the Western Ghats. Also, the Brackish water lakes, backwaters, and estuaries constitute 67.29% of the total surface water area, which is 3.61 lakh hectares.




***Figure 1: Major Rivers of Kerala***

**Groundwater Resources of Kerala:**

Climate, Geomorphology, Physiography, Geology, Hydrogeology, and other structural features like **lineaments, faults, folds, etc**., all play a role in the occurrence and movement of groundwater in different lithological units occurring in the state. **Groundwater has met the domestic needs of over 80% of rural and 50% of urban residents** and 50% of the state's irrigated agriculture (Amala Krishnan and Kolathayar, 2021; JEEJA, 2015; Shaji, 2013). Numerous published reports have been across the state of issues related to a falling water table, contaminated groundwater, seawater intrusion, etc. Approximately 88% of the state's overall geographic expanse is characterized by crystalline rocks (gneissic and schistose formations, Charnockites, Khondalites, and granitic gneisses) that lack inherent porosity, resulting in limited potential for groundwater resources (Fig. 2). Dykes of more recent age intrude into all of these structures. Four different beds—the Alleppey, Vaikom, Quilon, and Warkali—make up the Tertiary-age of sedimentary formations found in the western parts of the state (Table 1). Lateralization has occurred in the crystalline and Tertiary rocks in the central part of the landmass (Fig. 2). The coastal plains are littered with alluvial deposits that formed relatively recently. In the context of alluvial formations that contain multiple aquifer systems, water quality can occasionally limit the efficient utilization of the existing resources.



**Table : 1. Stratigraphy and Major Aquifer System of Kerala (Source: CGWB)**

| Geological Age | Geological Formation | Lithology |
|---|---|---|
| Recent | Alluvium | Sand, clay riverine alluvium, etc. and floodplain deposits of the Kuttanad Area |
| Sub recent | Laterite | Derived from Crystalline and sedimentary rocks due to in-situ weathering under differentiated temperature and pressure conditions. |
| Tertiary | Warkali | Sandstone, clays with lignite seams |
| | Quilon | Limestone Marl and clay |
| | Vaikom | Sandstone with Pebbles and gravel beds, clay and lignite |
| | Allepey | Carbonaceous clay and fine sand |
| Undated | Intrusives | Dolerite, Gabbro, granite, Quartzo- feldspathic veins |
| Archean | Wayanad Group | Granitic gneiss and schists |
| | Charnokites | Charnokite and associated rocks |
| | Khondolites | Khondolite suite of rocks and its associate |

**Occurrence of Groundwater in various aquifer systems of Kerala:**

Groundwater is present in the aforementioned formations under **phreatic, semi-confined, and confined conditions**. Major phreatic aquifers are formed from crystalline weathering, laterites, and alluvial formations. In contrast, semi-confined and confined aquifers are formed from deep fractures in crystallines and granular zones in Tertiary sedimentary formations. A thin, weathered zone covers the crystalline rocks along the mountain ranges. In the central part of the state, thick bands of weathered crystalline can be observed. The weathered crystalline in the central region has a depth to water of between 3 and 16 mbgl. Medium-capacity dug wells are maintained in the central area for irrigation purposes (CGWB, 2020). It is possible to dig sufficient wells for domestic use along topographic lows. Implementing bore wells that access deeper fractured aquifers is feasible by targeting potential fractures within the midland and hill ranges. Bore wells can produce between 36,000 and 1,25,000 litre (s) per (hour) flow; the most productive zone is between 60 and 175 metres below ground level (CGWB, 2020). Fractures extending to a depth of 240 metres below ground level (bgl) have been observed.




*Fig. 2. Principal Aquifer Map of Kerala*

**The Vaikom and Warkali beds, two of the four Tertiary layers, can potentially serve as groundwater sources.** According to CGWB (Central Groundwater Board) electrical logs, the lower Alleppey beds have brackish water, while the upper Quilon beds are unreliable water sources. The laterites are the most common lithological unit in the state, and their thickness ranges from just a few metres to more than 30 metres below the surface. The range of water level depths in the formation varies from less than one metre to 25 mbgl. Mid-land lateralization can be seen between crystalline and Tertiary formations. In these regions, open (dug) wells typically produce between 2 and 10 cubic metres of water per day, while bore wells typically produce fewer than 1 and 35 litres per second. Potential aquifers formed by laterite along valleys have yields of 0.5 to 6 cubic metres per day, making them suitable for medium-duty irrigation wells. Semi-consolidated and unconsolidated sedimentary formations underlie about 12 percent of the state, providing yields of 1 to 35 cubic metres per day from dug wells and filter points and 1 to 57 litres per second from deep tube wells.

Along the coast, an aquifer from alluvium holds groundwater in phreatic and semi-confined conditions. This formation can be as shallow as less than a metre below ground level (bgl) and as thick as more than 100 metres. The saturated thicknesses greater than 5 m make filter point wells viable.

### Groundwater Development Scenarios in Kerala

Dug wells, boreholes, tube wells, filter-point wells, step wells, tunnel wells, and spring capping are common structures used for groundwater development. Kerala's groundwater abstraction or draft is mainly for irrigation, domestic and industrial uses. Kerala has the highest well density among all the states of India.

### Dug wells:

The depth of dug wells typically ranges from 2 to 10 metres. However, the depth in coastal and river bed regions tends to be less than 1 metre. Conversely, the depth can exceed 20 metres in areas with thick laterite overburden. Wells with substantial diameter and depth offer increased capacity for infiltration, rapid recharge, and expanded storage capabilities. With a diameter of 1.5 metres, the structure will offer sufficient space for construction activities. As the magnitude of the storage capacity rises, there is a corresponding increase in the diameter of the well. The types of aquifers influence the performance of dug wells in quantity. To mitigate the risk of sidewall collapse, brick is commonly used to seal the well shaft extending from the ground surface to the water table. The likelihood of failure is low if the well shaft section consists of a hard laterite or crystalline rock formation. This water system's construction is facilitated by utilizing readily available local resources and expertise, making it accessible for addressing modest water requirements.



*FIG: 3: DUG WELLS OF KERALA*

### Borewells:

In crystalline rocks, 15-centimetre-diameter boreholes are drilled to reach water in weathered zones with significant thickness and fractured zones with a high density of fissures. These wells are designed to extract water from deeper aquifers, typically reaching depths of several hundred metres. The top is enclosed in a steel or PVC pipe casing to stop water from seeping in from the surface or near-surface zones and keep loose soil and rock from falling into the well. The quantity of water extracted from an aquifer using submersible pumps is directly related to the aquifer's hydraulic properties. Therefore, a pump test is conducted after construction to establish the **borewells' safe yield and its sustainable utilization**.



*Figure: 4 BORE WELLS OF KERALA*

### Tube wells

Water from deeper aquifers can be accessed through wells with a diameter of 15-30 centimetres drilled into sedimentary rocks and alluvial formations. Rotary drilling machines are commonly employed to perform drilling operations, typically reaching depths that exceed a hundred metres. Alternatively, auger drilling machines can be used if the aquifer's depth is less than 25 metres. For rotary drills, the "drilling string" consists of a series of steel segments, each measuring six metres in length and threaded at the bottom with a drill bit or other drilling device. In addition to developing the actual borehole, the rotary drilling machines also aid in installing the steel/PVC casing (well assembly) into the well. The presence of air and water within the drilling process serves as a circulating medium, facilitating the displacement of cuttings and the cooling of drill bits.

In mud rotary drilling, a special mud (typically Bentonite clay) generates enough hydraulic pressure to keep the tube well's side walls in place during the drilling process. After drilling is complete, hydrogeologists use in-situ material monitoring and geophysical logging to design the well assembly, which consists of a casing pipe for a tube well and seals the layers while allowing water to seep through. The slotted casing is provided against the water bearing formation and blank casing is provided against the clayey or non- water bearing formations.




*FIG:5 TUBE WELLS OF KERALA*

**Filter-Point wells:**

Construction of a shallow tube well involves using air or water jetting to drive a tube with a small diameter and perforations into loose soil near gravel aquifers. A lower section filter filters sand and other debris, preventing their intrusion into the well. Filter-point wells are mostly utilized to extract water from relatively shallow depths, typically located along alluvium-formed coastlines.




*Figure: 6 Filter point Wells*

**Infiltration gallery:**

The infiltration gallery, also known as a collector well, is a structure that facilitates the connection between a horizontal perforated pipe and a permeable aquifer with a high-water table. A layer of gravel filter surrounds this pipe, arranged radially. The aquifer experiences a continuous recharge process characterized by a perennial flow. These structures are typically constructed parallel to river beds to capture groundwater via gravity. Most riverside collector wells provide a steady supply of potable Water year-round. This particular resource is commonly employed within sandy coastal environments.




*Figure: 7: Infiltration Gallery Wells*

**Tunnel wells/Surangam:**

